**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4460** **01-07-2024 - ൽ മറുപടിയ്ക്ക്**

**അനധികൃത ക്വാറികൾക്കെതിരെ നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോയെന്നും ഇത്തരം ക്വാറികൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | റവന്യൂ പുറമ്പോക്കുകളിൽ അനധികൃത ഖനനം നടത്തുന്നതായ ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് കർശന പരിശോധനകൾ നടത്തിയിട്ടുള്ളതും പരിശോധനാവേളയിൽ അനധികൃത ക്വാറികൾ കണ്ടെത്തുന്ന പക്ഷം അവയ്ക്ക് നിർത്തൽ ഉത്തരവ് നൽകുകയും അനധികൃത ഖനനം ചെയ്ത് കടത്തിയ ധാതുവിന്റെ അളവ് തിട്ടപ്പെടുത്തി സ്ഥലഉടമ/ ഖനനപ്രവർത്തി നടത്തിയ ആളിൽ നിന്നും റോയൽറ്റിയും ആയതിന്റെ നാലിരട്ടി പിഴയും ഈടാക്കുന്നതിനായി വകുപ്പിൽ നിന്നും ഡിമാന്റ് നോട്ടീസ് നൽകുകയും ആയത് ഒടുക്കാത്തപക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നതുമുണ്ട്. |
| (ബി) | ക്വാറിയിംഗ് പ്രവർത്തനത്തിന് ആവശ്യമായ സ്ഫോടകവസ്തുക്കൾ നിയമാനുസൃതമായ പരിധിയ്ക്കപ്പുറം കൈവശം വയ്ക്കുന്നുണ്ടോയെന്ന് വകുപ്പുതലത്തിൽ പരിശോധന നടത്താറുണ്ടോ; വിശദമാക്കുമോ? | (ബി) | ടി വിഷയം മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അധികാരപരിധിയിൽപ്പെടുന്നതല്ല. ബന്ധപ്പെട്ട പോലീസ് അധികാരികൾ ടി പരിശോധന യഥാസമയം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ